**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *535** | **02.07.2019-ൽ മറുപടിയ്ക്ക്**

**പ്രാക്തന ഗോത്രവർഗ്ഗ ഭാഷയും സംസ്കാരവും സംരക്ഷിക്കുന്നതിന് നടപടി**

**ചോദ്യം**

**ശ്രീ.പി.വി. അൻവർ**

**ശ്രീ.പുരുഷൻ കടലുണ്ടി**

**ശ്രീ.എസ്.രാജേന്ദ്രൻ**

**ശ്രീ.ഒ. ആർ. കേളു**

**മറുപടി**

**ശ്രീ.എ.കെ.ബാലൻ**

**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്തെ പ്രാക്തനഗോത്ര വർഗ്ഗത്തിൽപ്പെട്ടവരുടെ ഭാഷയും സംസ്കാരവും തനത് കലാരൂപങ്ങളും അന്യം നിന്നുപോകാതിരിക്കുന്നതിനും അവയെ പരിപോഷിപ്പിക്കുന്നതിനുമായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | എ) | സംസ്ഥാനത്തെ പ്രത്യേക ദുർബല ഗോത്രജനതയുടെ ഭാഷ, സംസ്കാരം, തനത് കലാരൂപങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ കിർത്താഡ്സ് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. 2017-18 വർഷത്തിൽ കാട്ടുനായിക്കൻ സമുദായത്തിലെ കുട്ടികളുടെ പഠനത്തിനായി പ്രീപ്രൈമറി, പ്രൈമറിതലത്തിൽ ഭാഷാ പഠന സഹായിയും (പ്രൈമർ), കുറുമ്പർ സമുദായത്തിന്റെ തനത് ഭാഷയ്ക്ക് വ്യാകരണ നിഘണ്ടുവും തയ്യാറാക്കിയിട്ടുണ്ട്. കൊറഗ ജനതയുടെ ഭാഷയിൽ ഭാഷാപഠന സഹായിയും (പ്രൈമർ) പൂർത്തീകരിച്ചിട്ടുണ്ട്.<br>പ്രത്യേക ദുർബല ഗോത്രവിഭാഗത്തിൽപ്പെട്ട ചോലനായിക്കൻ സമുദായക്കാരുടെയും മലപ്പുറം ജില്ലയിലെ കാട്ടുനായിക്കരുടെയും കൊറഗരുടെയും സവിശേഷ സാംസ്കാരിക സവിശേഷതകൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള നടപടി 2017-18 സാമ്പത്തികവർഷം നടത്തിയിട്ടുണ്ട്. 2018-19 വർഷത്തിൽ കുറുമ്പരുടെ മിത്തുകൾ, ഗോത്രപാട്ടുകൾ, ഗോത്രകഥകൾ, വാമൊഴി സാഹിത്യം, കൊറഗരുടെ ആഭരണം, വസ്ത്രധാരണം, മെയ്യലങ്കാരം (പച്ചകുത്തൽ, നെറ്റിച്ചൊട്ട, പല്ലുകൊത്തൽ, ദൈവിക മെയ്യെഴുത്തുകൾ, മുഖത്തെഴുത്ത്), കാടരുടെ ഗോത്രാഭരണം, വസ്ത്രധാരണം, മെയ്യലങ്കാരം |

(പച്ചകുത്തൽ, നെറ്റിച്ചൊട്ട്, പല്ലുകൊത്തൽ, ദൈവിക മെയ്യെഴുത്തുകൾ, മുഖത്തെഴുത്ത്), കാട്ടുനായിക്കരുടെ ഗോത്രനിർമ്മിതികൾ (വാസസ്ഥലങ്ങൾ) എന്നിവ കിർത്താഡ്സ് മ്യൂസിയത്തിൽ പ്രദർശനത്തിനു തയ്യാറാക്കിയിട്ടുണ്ട്.

ചോലനായിക്കരുടെയും ഭക്ഷ്യ അറിവുകൾ, വയനാട്ടിലെ കാട്ടുനായിക്കരുടെയും ഭക്ഷ്യ അറിവുകൾ, ജീവനോപാധികൾ തുടങ്ങിയവയും മറ്റ് ഗോത്ര സമൂഹങ്ങളുടെ സമാന വിവരങ്ങളും ക്രോഡീകരിച്ച് 'തനത് ഭക്ഷണവും ഗോത്രജീവനോപാധികളും' എന്ന പുസ്തകവും, കൊറഗർ, കാട്ടുനായിക്കൻ, കുറുമ്പർ എന്നീ പ്രത്യേക ദുർബല ഗോത്രജനതയുടെയും മറ്റ് ഗോത്രസമുദായങ്ങളുടെയും വാമൊഴി പാട്ടുകൾ ശേഖരിച്ച് 'കടല് തൈ പൂമറം, എന്ന പുസ്തകവും 2018-ൽ കിർത്താഡ്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2017 മാർച്ചിൽ സംസ്ഥാനത്തെ പ്രത്യേക ദുർബല പട്ടികവർഗ്ഗ ജനതയുടെ ഉൾപ്പെടെയുള്ള ഗോത്ര കലാരൂപങ്ങളുടെ പ്രോത്സാഹനവും സംരക്ഷണവും ലക്ഷ്യമിട്ട് 'ഇന്ത്യയിലെ ഗോത്രകലകൾ' എന്ന പേരിൽ ഒരു അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കുകയും ആയതിലെ പ്രബന്ധങ്ങൾ 'ട്രൈബൽ ആർട്ട് ആന്റ് സൊസൈറ്റി' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. വയനാട് ജില്ലയിലെ കാട്ടുനായിക്കൻ ഗോത്രവിഭാഗത്തിന്റെ കലകളെക്കുറിച്ചുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന 'ഗോത്രതാളം, വാല്യം ഒന്ന്', 2017-ലും കുറുമ്പർ, കാടർ ഗോത്രജനതയുടെ കലകളെക്കുറിച്ചുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന 'ഗോത്രതാളം, വാല്യം രണ്ട്' 2018-ലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഗദ്ദിക, പൂതനുംതിറയും, പടയണി, മുടിയേറ്റ്, തെയ്യംതിറ, പൂരക്കളി, മംഗലംകളി, എരുതുകളി, കുത്തിയോട്ടം തുടങ്ങിയ കലാരൂപങ്ങളും, ഞാറ്റുപാട്ടുകൾ, വടക്കൻപാട്ടുകൾ, തെക്കൻപാട്ടുകൾ, കെന്ത്രോൻ പാട്ടുകൾ, കണ്ണേറ്റുപാട്ടുകൾ, നാട്ടറിവുപാട്ടുകൾ തുടങ്ങിയ അനേകം പാട്ടുകളും, പ്രാക്തന കലകളും അനുഷ്ഠാനങ്ങളും

| | | | |
|---|---|---|---|
| | | | സംരക്ഷിക്കുന്നതിനും ഫോക് ലോർ അക്കാദമി ആദിവാസി ഗോത്രസമ്മേളനങ്ങൾ വഴി പൊതു സമൂഹത്തിനു മുമ്പാകെ പ്രദർശിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു. ഗോത്രകലകൾ, നാട്ടുകലകൾ തുടങ്ങിയവ വരുംതലമുറയ്ക്കായി ഫോക് ലോർ അക്കാദമി ഡോക്യുമെന്റ് ചെയ്ത് സൂക്ഷിക്കുന്നുമുണ്ട്. |
| ബി) | ഫോക്ക്ലോർ അക്കാദമിയുടെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും അക്കാദമിയെ ഔപചാരികവും അനൗപചാരികവുമായ ഗവേഷണങ്ങൾക്ക് പ്രാപ്തമാക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ; | ബി) | നാടൻകലകളുടെ പരിരക്ഷണത്തിനും പഠനത്തിനും വേണ്ടി വിഭാവനം ചെയ്തിട്ടുള്ളതാണ് ഫോക് ലോർ അക്കാദമി. കലാരൂപങ്ങൾ തനിമയോടെ നിലനിർത്തി ചരിത്രവിദ്യാർത്ഥികൾക്കും, നരവംശ ശാസ്ത്ര ഗവേഷകർക്കും ഫോക് ലോർ അക്കാദമി പ്രദർശനത്തിന് ലഭ്യമാക്കുന്നുണ്ട്. ഫോക് ലോർ പഠനത്തിനും ഗവേഷണത്തിനും ഉതകുംവിധം ഫോക് ലോർ അക്കാദമിയുടെ വിപുലമായ ഒരു ഉപകേന്ദ്രം കോട്ടയം ജില്ലയിലെ വെള്ളാവൂരിലെ മണിമലയിൽ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. തെക്കൻ കേരളത്തിലെ പടയണി, മുടിയേറ്റ്, കുത്തിയോട്ടം, അമ്പത്തീരടിപാട്ടും പടവെട്ടും തുടങ്ങിയ കലാരൂപങ്ങളെ പരിശീലിപ്പിക്കുവാനും മറ്റു ഗവേഷണ പ്രവർത്തനങ്ങൾക്കും ഈ പഠന കേന്ദ്രത്തെ പ്രയോജനപ്പെടുത്തുവാൻ കഴിയും |
| സി) | പ്രസ്തുത മേഖലയിലെ കലാരൂപങ്ങളെ പൊതുസമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കുന്നതിനും അവരുമായി ആശയവിനിമയം സാധ്യമാക്കുന്നതിനും ഉതകുന്ന എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വിവരിക്കുമോ; | സി) | പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങളുടേത് ഉൾപ്പെടെയുള്ള കലാരൂപങ്ങൾ പൊതു സമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുന്നതിന് പറ്റുന്നരീതിയിൽ അവയെ ചിട്ടപ്പെടുത്തുന്നതിനായി കിർത്താഡ്സ് വകുപ്പ് ശില്പശാലകൾ നടത്താറുണ്ട്. വർഷം തോറും സംസ്ഥാനത്തെ രണ്ട് ജില്ലകളിൽ വെച്ച് കിർത്താഡ്സ്, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ 'ഗദ്ദിക' ഉൽപ്പന്ന പ്രദർശന വിപണനമേളയും നാടൻ കലാമേളയും സംഘടിപ്പിക്കുന്നുണ്ട്. പ്രത്യേക ദുർബല ഗോത്ര ജനതയുൾപ്പെടെയുള്ള പട്ടികവർഗ്ഗ ജനസമൂഹങ്ങളുടെ കലകളെ പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിനും അവരുമായി ആശയവിനിമയം നടത്തുന്നതിനും ഇതുവഴി അവസരം ലഭിക്കുന്നുണ്ട്.<br>പ്രാക്തന കലകൾ, അന്യം നിന്നു പോകുന്ന |

| | | | |
|---|---|---|---|
| | | | കലകൾ ബഹുജനങ്ങളുടെ കൂട്ടായ്മകളുടെ മുമ്പിൽ അവതരിപ്പിക്കുന്നതിന് ഫോക് ലോർ അക്കാദമി അവസരം ഒരുക്കുന്നുണ്ട്. കേരളത്തിലുടനീളമുള്ള ലൈബ്രറികൾ രൂപീകരിക്കുന്ന ഫോക് ലോർ ക്ലബ്ബുകൾ, സ്കൂൾ, കോളേജ് ഫോക് ലോർ ക്ലബ്ബുകൾ, ഉത്സവക്കൂട്ടായ്മകൾ എന്നിവയെല്ലാം വഴിയാണ് ഈ കലാരൂപങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നത്. |
| ഡി) | ലോക നിലവാരത്തിലുള്ള ഫോക്ക്ലോർ മ്യൂസിയം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

Hari

**സെക്ഷൻ ഓഫീസർ**